പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3733 — 30.01.2014 -ൽ മറുപടിക്ക്

## വികലാംഗർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ഥിരംപാസ്സ്

**ചോദ്യം**

ശ്രീ. കെ. മുരളീധരൻ :
" പി. സി. വിഷ്ണുനാഥ് :
" വർക്കല കഹാർ :
" റ്റി. എൻ. പ്രതാപൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വികലാംഗർക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ആനുകൂല്യം നൽകുന്നതിനും സ്ഥിരം പാസ്സ് നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | തീരുമാനമെടുത്തിട്ടുണ്ട്. സ്ഥിരമായ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ യാത്രാ സൗജന്യം ലഭിക്കുന്നതിന് സ്ഥിരം പാസ് (ഒറ്റ പ്രാവശ്യം പാസ്സ്) അനുവദിച്ചു കൊണ്ട് 27.04.2012-ലെ സ.ഉ(കയ്യെഴുത്ത്) നമ്പർ. 24/2012/ഗതാഗതം എന്ന നമ്പരായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് 24.05.2012-ലെ എൽ.ആർ 9/074245/91 നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സ്ഥിരം പാസ്സ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | വികലാംഗർ:- 40% -ൽ കൂടുതൽ സ്ഥിരമായ അംഗവൈകല്യമുള്ള വികലാംഗർ വില്ലേജ് ഓഫീസർ നൽകുന്ന 15,000/- രൂപയിൽ കവിയാത്ത വർഷിക വരുമാന സർട്ടിഫിക്കറ്റും, വൈകല്യത്തിന്റെ തോത് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് / സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ലഭിക്കുന്ന തിരിച്ചറിയൽ കാർഡിന്റെ പകർപ്പും, രണ്ടു ഫോട്ടോയും സഹിതം താമസ സ്ഥലത്തിനടുത്തുള്ള കെ.എസ്.ആർ.ടി.സി യൂണിറ്റിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജോലിയിലുള്ളവർ കൺവയൻസ് അലവൻസ് വാങ്ങുന്നില്ല എന്നും വിദ്യാർഥികൾ കൺസഷൻ ടിക്കറ്റ് വാങ്ങുന്നില്ലാ എന്നുമുള്ള |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. സമർപ്പിക്കുന്ന അപേക്ഷ പരിഗണിച്ച് അർഹതയുള്ള പക്ഷം പാസ് അനുവദിക്കുന്നു. 70% യാത്രാക്കൂലിയിൽ ഇളവ് ലഭിക്കുന്നു. <br>അന്ധർ:- 100% രണ്ട് കണ്ണിനും അന്ധതയുള്ളവർക്ക് പാസ് നൽകുന്നതാണ്. വരുമാനപരിധി ഇല്ല. യാത്രക്ക് 100% ഇളവ് അനുവദിച്ചിരിക്കുന്നു. <br>ബധിര-മൂകർ:- 50% വൈകല്യമുള്ള ബധിര-മൂകരായവർക്ക് പകുതി യാത്രാക്കൂലി നൽകി 40 കി.മീറ്റർ യാത്ര ചെയ്യുന്നതിന് പാസ് നൽകുന്നു. <br>ബുദ്ധിമാന്ദ്യമുള്ളവർ:- 50% ബുദ്ധിമാന്ദ്യമുള്ളവർക്ക് 40 കി.മീറ്റർ യാത്ര ചെയ്യുന്നതിന് പാസ് നൽകുന്നതാണ്. യാത്രാക്കൂലിയിൽ പകുതി ഇളവ് പാസിന്റെ ഉടമസ്ഥനും പകുതി കൂടെ പോകുന്ന ആളിനും നൽകുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച് ഗതാഗത വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) | 27.04.2012-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ. 24/2012/ഗതാഗതം പ്രകാരം സ്ഥിരമായ അംഗവൈകല്യമുള്ള വികലാംഗർക്ക് ഒറ്റ തവണ പാസ് നല്കികൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. |
| (ഡി) | ഉത്തരവ് നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) | സ്ഥിരമായ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ യാത്രാ സൗജന്യം ലഭിക്കുന്നതിന് സ്ഥിരം പാസ് അനുവദിച്ചുകൊണ്ട് 27.04.2012-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ. 24/2012/ഗതാഗതം പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് 24.05.2012-ലെ എൽ.ആർ. 9/074245/91-ാം നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ